(ബി) രണ്ട് ലക്ഷംരൂപവരെ വായ്പ എടുത്തിട്ടുള്ള വായ്പക്കാരൻ മരണപ്പെട്ടാൽ ഒരുവർഷത്തിനകം അവകാശികൾ വായ്പാ കണക്കവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരണപ്പെട്ട ദിവസംമുതൽ വായ്പാ കണക്ക് അവസാനിപ്പിക്കുന്ന തീയതിവരെയുള്ള പലിശ ഒഴിവാക്കി നൽകുന്നതാണ്. കൂടാതെ 'ആശ്വാസ് പദ്ധതി' പ്രകാരം വായ്പാകണക്ക് അവസാനിപ്പിക്കുമ്പോൾ പലിശ ഇളവ് നൽകുന്നതിനും പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്നതിനും സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആർ.ബി.ഐ.കടപ്പത്രങ്ങളിലെ നിക്ഷേപം

91 (6542) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ഏപ്രിൽ മാസം 1-ാം തീയതി മുതൽ ജില്ലാ സഹകരണ ബാങ്കുകൾ എസ്.എൽ.ആർ, സി.ആർ.ആർ. നിക്ഷേപങ്ങൾ ആർ.ബി.ഐ. കടപ്പത്രങ്ങളിൽ നേരിട്ട് നിക്ഷേപിക്കണമെന്ന ആർ.ബി.ഐ.യുടെ സർക്കുലർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുകയാണെങ്കിൽ ത്രിതല സഹകരണ ബാങ്കിംഗ് സംവിധാനത്തിന് ഭീഷണിയാകും എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2015 ഏപ്രിൽ 1 മുതൽ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം കണക്കാക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിലെ നിക്ഷേപം കണക്കിലെടുക്കാത്ത സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ എസ്.എൽ.ആർ. നിക്ഷേപം ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ട സാഹചര്യമുണ്ടാകുകയും സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ജില്ലാ സഹകരണ ബാങ്കുകൾ വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാക്കാനും ആയത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനുമിടയുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന കാര്യം കേന്ദ്രസർക്കാരിന്റെയും റിസർവ്വ് ബാങ്കിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly